# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 955** **30-06-2022 - ൽ മറുപടിയ്ക്ക്**

### മടുക്ക-മൈനാക്കുളം-പൊട്ടൻകുളം പ്രദേശത്തെ വന്യമൃഗ ശല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ മടുക്ക-മൈനാക്കുളം-പൊട്ടൻകുളം പ്രദേശത്തെ വന്യമൃഗശല്യം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഹൈറേഞ്ച് സർക്കിളിലെ കോട്ടയം ഡിവിഷനിൽ എരുമേലി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ മടുക്ക - മൈനാക്കുളം - പൊട്ടൻകുളം പ്രദേശത്തെ മനുഷ്യ-വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിലേയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ സൗരോർജ്ജവേലി കണ്ടങ്കയം മുതൽ - മൈനാക്കുളം വരെയുള്ള 7 കി.മീ. ഭാഗത്തും 2021-22 സാമ്പത്തിക വർഷത്തിൽ മാങ്ങാപേട്ട-116 വരെയുള്ള 3.5 കി.മീ. ഭാഗത്തും സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളതാണ്. അതോടൊപ്പം കാലപ്പഴക്കത്താൽ തകരാറിലായിരുന്ന ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കോരുത്തോട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കൃഷിനാശവും ജീവനും സ്വത്തിനും നഷ്ടം ഉണ്ടായതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ കാലതാമസം കൂടാതെ നഷ്ടപരിഹാരതുക അനുവദിച്ചിട്ടുള്ളതാണ്. കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കണ്ടങ്കയം പ്രദേശവാസികളുടെ ജനജാഗ്രതാ സമിതി വിളിച്ചുകൂട്ടുകയും തദ്ദേശവാസികളുടെ സഹകരണത്തോടെ അടിക്കാടുകൾ തെളിച്ച് 10 മീറ്റർ വിസ്തൃതിയിൽ വിസ്റ്റാ ക്ലിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. വനം വകുപ്പ് ജീവനക്കാരും വാച്ചർമാരും പകൽ രാത്രികാല പട്രോളിംഗ് ടി ഭാഗങ്ങളിൽ നടത്തി വരുന്നുണ്ട്. |
| (ബി) | വന്യമൃഗങ്ങളിൽ നിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ കണ്ണാട്ടുകവല വരെ 450 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 12 ലക്ഷം | (ബി) | വന്യമൃഗങ്ങളിൽ നിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിന്റെ അധീനതയിൽ വരുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ |

| | | | |
|---|---|---|---|
| | രൂപയുടെ പദ്ധതിക്ക് അനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | കണ്ണാട്ടുകവല വരെ 500 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ